**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 344 16.12.14 ലെ മറുപടിക്ക്**

**"പാസഞ്ചർ വാഹനങ്ങൾ, ട്രെയിനുകൾ എന്നിവയിലെ അനധികൃതസാധന കടത്ത്"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നതു തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) | നിലവിൽ പാസഞ്ചർ വാഹനങ്ങൾ വഴി അനധികൃതമായി സാധനങ്ങൾ കടത്തുന്നവർക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം, ഇത്തരം വാഹനങ്ങൾ ഗുഡ്സ് ഓപ്പറേഷൻ നടത്തുന്നു എന്ന രീതിയിൽ പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനമായി കണക്കാക്കി മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കുന്നുണ്ട്. ടൂറിസ്റ്റ് ബസുകളിൽ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. പ്രധാന റെയിൽവെ സ്റ്റേഷനുകളായ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ വാണിജ്യ നികുതി വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. റയിൽ മാർഗ്ഗം വരുന്ന സാധനങ്ങൾ ഇവിടെ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് കടത്തി വിടുന്നത്. കൂടുതൽ റയിൽവെ സ്റ്റേഷനുകളിൽ ഫെസിലിറ്റേഷൻ കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി റയിൽവെ |

| | | | |
|---|---|---|---|
| | | | അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ട്. അനുകൂലമായ നിലപാടാണ് റയിൽവെ അധികൃതർ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ഇങ്ങനെയുള്ള ചരക്കുനീക്കങ്ങൾ നിരീക്ഷിക്കുകയും നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീക-രിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ വകുപ്പിൽ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന വിശദമാക്കുമോ; | (ബി) | ചരക്കുകൾ കൊണ്ടു പോകുമ്പോൾ മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 47 (1) അനുശാസിക്കുന്ന രേഖകൾ ഉണ്ടായിരിക്കണം. മതിയായ രേഖകൾ ഇല്ലാതെ ചരക്ക കൊണ്ടുപോകുന്നതായി കണ്ടെത്തിയാൽ വകുപ്പ് 47 (2) പ്രകാരം പിഴ ചുമത്തുന്നതാണ്. ചെക്ക് പോസ്റ്റുകളിലും സ്ക്വാഡുകളിലും ഈ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റ് വഴി വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ 8F ലും റയിൽവെ വഴി വരുന്നവ 8F A യിലും ഓൺലൈനായി ഡിക്ലയർ ചെയ്യണ-മെന്ന വ്യവസ്ഥ നിർബന്ധമാക്കിയി-ട്ടുണ്ട്. |
| (സി) | ഇതിനെതിരെ കർശന നടപടിയെടു-ക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) | ഇത്തരം നികുതി വെട്ടിപ്പ് തടയുന്ന-തിന് ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇത്തരം പ്രവണതകൾക്കെതിരെ മൂല്യ വർദ്ധിത നികുതി നിയമത്തിലെ നിലവിലുള്ള വകുപ്പുകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ? | (ഡി) | റയിൽവെ വഴിയും റോഡു വഴി പാസഞ്ചർ വാഹനങ്ങളിലും നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത് തടയുന്നതിന് വാണിജ്യ നികുതി |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഒക്ടോബർ വരെ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗം ടൂറിസ്റ്റ് ബസുകളിൽ നടത്തിയ പരിശോധനകളിൽ 112.43 ലക്ഷം രൂപയും റയിൽവെയിൽ നടത്തിയ പരിശോധനകളിൽ 375.24 ലക്ഷം രൂപയും പിഴയായി ഈടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**